# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.903** **05.02.2020 ലെ മറുപടി**

## പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി :**

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ ഉൾപ്പെട്ട മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ദീർഘനാളായിട്ടും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിയ്ക്കുന്നതിലും ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) എങ്കിൽ അടിയന്തരമായി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) യും (ബി) യും (സി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 5.00 കോടി രൂപ തുക വരുന്ന വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിലും ഇൻവെസ്ററിഗേഷൻ നടത്തി ജലലഭ്യതയും സ്ഥലലഭ്യതയും ഉറപ്പാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളും മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകളോട്ടു കൂടി പുനർസമർപ്പിക്കാൻ സൂപ്രണ്ടിംഗ് എൻജിനീയർക്ക് മടക്കി അയച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ഫീൽഡ് ഓഫീസിൽ സ്വീകരിച്ചു വരുന്നു. ഇപ്രകാരം വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി, ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**